www.malankaralibrary.com

മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്

തീം - 2022



# യുവജനങ്ങൾ സഹയാത്രികർ

സുന്നഹദോസ് സ്വഭാവമുള്ള സഭയുടെ ജീവിതത്തിലും
ദൗത്യത്തിലും യുവജനങ്ങളുടെ പങ്ക്

MALANKARA CATHOLIC YOUTH MOVEMENT

THEME - 2022



# YOUTH THE CO-PILGRIMS

Role of youth in life and mission
of a Synodal church

www.malankaralibrary.com

മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്

തീം - 2022



# യുവജനങ്ങൾ സഹയാത്രികർ

സുന്നഹദോസ് സ്വഭാവമുള്ള സഭയുടെ ജീവിതത്തിലും ദൗത്യത്തിലും യുവജനങ്ങളുടെ പങ്ക്

www.malankaralibrary.com

# യുവജനങ്ങൾ സഹയാത്രികർ

## സുന്നഹദോസ് സ്വഭാവമുള്ള സഭയുടെ

## ജീവിതത്തിലും ദൗത്യത്തിലും യുവജനങ്ങളുടെ പങ്ക്

ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്



**ആമുഖം**

2023 ഒക്ടോബറിൽ റോമിൽ നടക്കാനിരിക്കുന്ന ആഗോള മെത്രാന്മാരുടെ സുന്നഹദോസിന്റെ പശ്ചാത്തലത്തിൽ സഭയുടെ സ്വഭാവത്തേയും ദൗത്യത്തേയും കുറിച്ച് വിചിന്തനം നടത്താൻ എല്ലാ സഭാമക്കളേയും പരി. ഫ്രാൻസിസ് മാർപാപ്പാ ക്ഷണിക്കുന്നു. മെത്രാൻമാരുടെ കൂട്ടായ്മ സുന്നഹദോസിന്റെ തന്നെ സ്വഭാവത്തെക്കുറിച്ചു ചരിത്രത്തിൽ ആദ്യമായി പര്യാലോചന നടത്തുന്നു: സുന്നഹദോസിനെക്കുറിച്ചുള്ള സുന്നഹദോസ്. ഈ സുന്നഹദോസ് യാത്രയുടെ ലക്ഷ്യം പരിശുദ്ധാത്മാവിനെ ഒന്നിച്ച് ശ്രവിക്കുകയും അങ്ങനെ പരസ്പരം ശ്രവിക്കുകയും ചെയ്യുക എന്നതാണ്. എല്ലാവരും ഈ പരസ്പര ശ്രവണത്തിലും സംഭാഷണത്തിലും ബോധപൂർവം പങ്കാളികളാകണം എന്ന് സഭ ആഗ്രഹിക്കുന്നു. ആനുകാലിക ലോകത്തിൽ സുവിശേഷ പ്രഘോഷണ ദൗത്യം യാഥാർത്ഥ്യമാക്കാൻ വേണ്ടി നടത്തുന്ന ഉത്തരവാദിത്വപൂർണമായ ഒരു തീർത്ഥാടനത്തിനുള്ള ദൈവീക ആഹ്വാനമാണിത്. യുവജനങ്ങൾ 'ഇന്നത്തെ സഭ' എന്ന നിലയിൽ ഈ തീർത്ഥാടനത്തിൽ പങ്കാളികളാകാനുള്ള പ്രത്യേക ഉത്തരവാദിത്വം അവർക്കുണ്ട്. മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റിൽ അംഗങ്ങളെന്ന നിലയിൽ ഒരു സിനഡൽ സഭയുടെ ജീവിതത്തിലും ദൗത്യത്തിലുമുള്ള യുവജനങ്ങളുടെ പങ്കിനെക്കുറിച്ച് കൂടുതലായി വിചിന്തനം നടത്താൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളെ ക്ഷണിക്കുന്നു.

**സഭ ദൈവജനം**

'ആകാശത്തിനു കീഴെ രക്ഷയ്ക്കായി നൽകിയ ഏക നാമമായ" (അ.പ്ര. 4:12) യേശുക്രിസ്തു തിരുസഭ സ്ഥാപിച്ചത് "രക്ഷയുടെ സാർവത്രിക കൂദാശ" (*ജനതകളുടെ പ്രകാശം*, 48) ആയിട്ടാണ്. തിരുസഭ ഒരേ സമയം ദൈവീകവും മാനുഷികവുമായ സ്ഥാപനമാണ്. ഒരു മാനുഷിക സ്ഥാപനമെന്ന നിലയിൽ അവൾ ദൈവരാജ്യ സേവനത്തിലാണ്; അതാണ് അവളുടെ ദൗത്യവും. ഈ മിഷൻ സാമൂഹ്യവത്ക്കരണ ദൗത്യമല്ല മറിച്ച്, എല്ലാറ്റിനേയും ദൈവീക ഭരണത്തിന്റെ കീഴിൽ കൊണ്ടുവരുന്ന ഒരു ദൈവീക ദൗത്യമാണ്. ഒരു ദൈവീക സ്ഥാപനമെന്ന നിലയിൽ അവളെ പരിശുദ്ധാത്മാവ് നയിക്കുകയും ആനുകാലിക ലോകത്തിലെ സാധ്യതകളുടേയും വെല്ലുവിളികളുടേയും മദ്ധ്യേ രക്ഷാകര ദൗത്യം നിറവേറ്റാനായി അവളെ നിരന്തരം നവീകരിക്കുകയും ചെയ്യുന്നു. പല നൂറ്റാണ്ടുകളായി സഭയെ വ്യാഖ്യാനിച്ചിരുന്നത് പിരമിഡ് എന്ന പ്രതീകത്തിലൂടെയായിരുന്നതുകൊണ്ട് വിശ്വാസികളെ ഈ ഘടനയുടെ എറ്റവും അടിയിലാണ് പ്രതിഷ്ഠിച്ചിരുന്നത്. തന്മൂലം ഈ പിരമിഡിന്റെ മുകളിലുള്ളവർക്ക് മാത്രമേ പരിശുദ്ധാത്മാവിന്റെ സ്വരം വിവേചിച്ചറിയാൻ സാധിക്കുകയുള്ളൂ എന്ന് പലരും വിശ്വസിച്ചിരുന്നു. യഥാർത്ഥത്തിൽ, ദൈവീക സ്വരം ശ്രവിക്കാൻ ആർക്കും സാധിക്കും എന്നതാണ് വസ്തുത, കാരണം "കാറ്റ് അതിന് ഇഷ്ടമുള്ളിടത്തേയ്ക്ക് വീശുന്നു" (യോഹ 3:8). അതിലുപരി, നമുക്ക് ദൈവീക വാഗ്ദാനവുമുണ്ട്: "അവസാന ദിവസങ്ങളിൽ എല്ലാ മനുഷ്യരുടേയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്ക് ദർശനങ്ങളുണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" (അ. പ്രവ. 2:17). അതുകൊണ്ട്, ദൈവജനത്തിന്റെ കുടുംബത്തിൽ നിന്ന് ആരേയും മാറ്റിനിറുത്താൻ പാടില്ല.

സഭയുടെ കൂട്ടായ്മ സ്വഭാവം വീണ്ടെടുത്തുകൊണ്ട്, രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രഖ്യാപിച്ചു, തിരുസഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ത്രിയേക ദൈവത്തിന്റെ കൂട്ടായ്മ ഈ ലോകത്തിൽ വെളിപ്പെടുത്താനും ജീവിക്കാനുമാണ്. അതുകൊണ്ട്, രണ്ടാം വത്തിക്കാൻ സുന്നഹദോസ് ക്രിസ്തുവിന്റെ സഭ ദൈവജനമാണ് (*ജനതകളുടെ പ്രകാശം*, 9) എന്ന് വ്യാഖ്യാനിച്ചു. സഭയുടെ യഥാർത്ഥ പ്രതിരൂപം വീണ്ടെടുത്തുകൊണ്ട് സുന്നഹദോസ് അവളുടെ ദൗത്യത്തിൽ പങ്കുചേരാൻ എല്ലാവരേയും ക്ഷണിക്കുന്നു. സഭ കൂട്ടായ്മയാണെന്ന് മനസിലാക്കുന്നതിലൂടെ അവളുടെ ദൗത്യത്തിൽ ഓരോരുത്തർക്കുമുള്ള സവിശേഷമായ പങ്ക് എന്താണെന്ന് എടുത്തുകാട്ടുന്നു. മാമോദീസായുടെ സമയത്ത് ലഭിച്ച രാജകീയ പൗരോഹിത്യത്തിലേയ്ക്കുള്ള വിളി സഭാജീവിതത്തിലും ദൗത്യത്തിലും പങ്കാളിയാകാനുള്ള ഒരു ദൈവീകമായ അവകാശവും ഉത്തരവാദിത്വവും എല്ലാവ

രിലും രൂഢമൂലമാക്കുന്നു. “നമ്മുടെ ‘ഒന്നിച്ചുള്ള യാത്ര,’ യഥാർത്ഥത്തിൽ, തീർത്ഥടകയും പ്രേഷിത ദൈവജനവും എന്ന സഭയുടെ സ്വഭാവത്തെ ഏറ്റവും ഫലപ്രദമായി പുനരവതരിപ്പിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു” (*Preparatory Document for a Synodal Church*, നം.1). ഉത്തരവാദിത്വത്തോടെ കൂട്ടായ്മയിൽ ക്രിസ്തീയ വിശ്വാസം ജീവിക്കുന്ന രീതിയാണ് സുന്നഹദോസ് അർത്ഥമാക്കുന്നത്. വി. ജോൺ ക്രിസോസ്റ്റം പറയുന്നു: “സഭയും സുന്നഹദോസും പര്യായങ്ങളാണ്.” അതിനർത്ഥം, സഭയ്ക്ക് സുന്നഹദോസ് അല്ലാതെ ആയിരിക്കാൻ സാധ്യമല്ല എന്നാണ്. അതുകൊണ്ട്, സഭയിൽ എല്ലാ അംഗങ്ങളും ഒരേ ലക്ഷ്യത്തോടെ ഒന്നിച്ചു യാത്രചെയ്യാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

**ഒന്നിച്ചു യാത്രചെയ്യാനുള്ള ഒരു ക്ഷണം**

ആശങ്കയുടേയും ആകുലതയുടേയും അനുഭവം നിറഞ്ഞ ഒരേ വള്ളത്തിലെ യാത്രികരാണ് നാമെല്ലാവരും എന്ന ബോധ്യമാണ് കോവിഡ്-19 എന്ന സാർവത്രിക ദുരന്തം നമുക്ക് നൽകിയത്. മനുഷ്യകുലത്തെ ഇത് മറ്റൊന്നുകൂടി പഠിപ്പിച്ചു, “ആരും ഒറ്റയ്ക്ക് രക്ഷപ്പെടുന്നില്ല: നമുക്ക് ഒരുമിച്ച് മാത്രമേ രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ” (Pope Francis, *Fratelli Tutti*, 32). അസ്ഥിരതയുടെ ആനുകാലിക അനുഭവം ആവശ്യപ്പെടുന്നത് ഈ മഹാമാരി ഉണ്ടാക്കിയ നെടുവീർപ്പും വേദനയും തുടച്ചു നീക്കാൻ ഒന്നിച്ചുള്ള പരിശ്രമം അനിവാര്യമാണ് എന്നതാണ്. അതിലുപരി, ദയനീയമായ ഈ സാഹചര്യം വർദ്ധിതമാക്കിയ അസംതുലിതാവസ്ഥയും അനീതിയും മൂലം ഉയരുന്ന പാവങ്ങളുടേയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടേയും നിലവിളി ഒരു മനുഷ്യകുടുംബം എന്ന നിലയിൽ നാം കേൾക്കണം. കോവിഡാനന്തര സാഹചര്യം സഭയുടെ സ്വഭാവത്തേയും ദൗത്യത്തേയും കുറിച്ചുള്ള ഒരു പുനർവായന അനിവാര്യമാക്കുന്നു.

തിരുസഭ ദൈവജനം എന്ന നിലയിൽ നിരന്തരം തീർത്ഥാടനത്തിലാണെന്ന് ആഗോള ദുരന്തം പുനരാവർത്തിച്ചു പറയുന്നു. വിശ്വാസികൾ ഒന്നിച്ചു യാത്രചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നത് “മനുഷ്യകുലത്തിനുള്ള ഒരു പ്രവാചക അടയാളമാണ്” (*Preparatory Document for a Synodal Church*, no. 9). “ഓരോരുത്തർക്കും എന്തെങ്കിലും പഠിക്കാനും” (*Preparatory Document for a Synodal Church*, no. 15) ഓരോരുത്തർക്കും എന്തെങ്കിലും പങ്കുവയ്ക്കാനുമുള്ള ഒരു സിനഡൽ സഭയുടെ രൂപവും ഭാവവും കണ്ടെത്തലാണിത്. സത്യത്തിന്റെ ആത്മാവിനെ ഒന്നിച്ച് ശ്രവിക്കാനുള്ള ഒരു തുടർ പദ്ധതിയാണിത്. ഇത് പരിശുദ്ധാത്മാവിന്റെ സ്വരം ഒന്നിച്ചു തിരിച്ചറിയാനുള്ള ദൈവജനത്തിന്റെ യാത്രയാണ്. ഈ യാത്രയിൽ അവസാനത്തയാളിന്റേയും ഒന്നുമല്ലാത്തയാളിന്റേയും സ്വരം ശ്രവിക്കാൻ സ്വർഗത്തിൽ നിന്നുള്ള ആത്മാവ് നമ്മെ സഹായിക്കുന്നു. ക്രിസ്തീയത ജീവിക്കുന്നതിന്റെ പ്രത്യാശ എല്ലാവർക്കും പങ്കുവയ്ക്കാനും അനുഭവിക്കാനും ഇടം നൽകുന്ന ഒരു തീർത്ഥാടനമാണിത്. മനുഷ്യ സമൂഹത്തിൽ സമാധാനം, നീതി, തുല്യത എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള ദൈവജനത്തിന്റെ ഒരു പ്രേഷിത യാത്രയാണിത്. അതിനാൽ, ഈ യാത്ര കൂട്ടായ്മയിലും പങ്കാളിത്വത്തിലും പ്രേഷിത ദൗത്യത്തിലും പരിശുദ്ധാത്മ നിവേശനത്തിൽ ദൈവജനം ഒരു സഭയായി നടത്തേണ്ട ഒരു തീർത്ഥാടനമാണ്. ഈ ഒന്നിച്ചുള്ള യാത്ര ഒരു ദാനവും വെല്ലുവിളിയുമാണ്, കാരണം കൂട്ടായ്മയും പങ്കാളിത്തവും അർത്ഥപൂർണമായി ജീവിക്കുന്നതിന്റെ എല്ലാ വെല്ലുവിളികളും നാം ഏറ്റെടുക്കുകയും അങ്ങനെ നമ്മുടെ കർത്താവ് സഭയെ ഭരമേൽപിച്ച പ്രേഷിത ദൗത്യം നാം ഒന്നിച്ച് നേടിയെടുക്കുകയും ചെയ്യണം. ഈ ഒന്നിച്ചുള്ള യാത്രയാണ് നമ്മുടെ സഭാകൂട്ടായ്മയെ ഒരു സിനഡൽ സഭയായി മാറ്റുന്നത്. ആയതിനാൽ, ഈ മൂന്നാം സഹസ്രാബ്ദത്തിൽ ഒരു സിനഡൽ സഭ കെട്ടിപ്പടുക്കാൻ വിശ്വാസികൾ, പ്രത്യേകിച്ച് യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

**ഈ യാത്രയുടെ നായക കഥാപാത്രങ്ങൾ**

സിനഡൽ സഭയ്ക്കുവേണ്ടി തയ്യാറാക്കിയ ആമുഖ രേഖ ‘മൂന്നും അധികം ഒന്ന് കഥാപാത്രങ്ങളെ’ (നായകർ) ഈ സുന്നഹദോസ് യാത്രയിൽ അവതരിപ്പിക്കുന്നു. പാവപ്പെട്ടവരേയും അവഗണിക്കപ്പെട്ടവരേയും നിശബ്ദരാക്കപ്പെട്ടവരേയും എപ്പോഴും ശ്രവിക്കുന്ന നിത്യനായകനായ യേശുവാണ് ആദ്യത്തെ നായകൻ. രണ്ടാമത്തെ നായകൻ യേശുവിനു ചുറ്റും നിലകൊള്ളുന്ന ജനസമൂഹമാണ്. വിവിധ ജാതികൾ, സംസ്ക്കാരങ്ങൾ, ഭാഷകൾ, പാരമ്പര്യങ്ങൾ എന്നിവയിൽ നിന്നുള്ള ആളുകൾ അവിടെ ഉണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ ദൈവവചനത്തോട് തുറവിയുള്ളതായിരുന്നതുകൊണ്ട് അവർ എല്ലായ്പ്പോഴും യേശുവിനെ ശ്രവിച്ചിരുന്നു. യേശുക്രിസ്തുവിനും ദൈവജനത്തിനും ഇടയിൽ നിലകൊള്ളുന്ന അപ്പസ്തോലന്മാരാണ് മൂന്നാമത്തേത്. അവർ വിളിക്കപ്പെട്ടത് ക്രിസ്തുവിന്റെ സ്ഥാനം സംരക്ഷിക്കാനാണ്, അല്ലാതെ കിസ്തുവിന് പകരം നിൽക്കാനല്ല. ഈ മൂന്നു കഥാപാത്രങ്ങളും നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത് സുന്നഹദോസ് മാതൃകയാണ്. ആദിമ സഭ നന്നായി ജീവിച്ചിരുന്നത് ഈ സൂന്നഹദോസ് സ്വഭാവമായിരുന്നു. ക്രിസ്തു സാന്നിധ്യമില്ലാതിരിക്കുകയും

ആരെങ്കിലും അവന്റെ സ്ഥലം അപഹരിക്കുകയും ചെയ്താൽ സഭ പിന്നെ ജനവും അപ്പസ്തോലന്മാരും തമ്മിലുള്ള ഒരു കരാറായി മാറുകയും സഭാ പ്രവർത്തനങ്ങൾ ഒരു രാഷ്ട്രീയകളിയായി അവസാനിക്കുകയും ചെയ്യും. അപ്പസ്തോലന്മാരില്ലാത്ത ജനം, ക്രിസ്തുവിനെ സ്വീകരിച്ചാലും തിരസ്ക്കരിച്ചാലും, തുറക്കപ്പെടുന്നത് അവനെക്കുറിച്ചുള്ള ഒരു കെട്ടുകഥയിലേയ്ക്കോ പ്രത്യയശാസ്ത്രത്തിലേയ്ക്കോ ആയിരിക്കും. ജനത്തെക്കൂടാതെയുള്ള അപ്പസ്തോലന്മാരുടെ ക്രിസ്തുവുമായുള്ള ബന്ധം വർഗീയതയുടേയും സ്വയനീതീകരണത്തിന്റേയും രൂപത്തിലുള്ള മതത്തിലേയ്ക്ക് നയിക്കുന്ന അഴിമതിയാകും (ref. *Preparatory Document for a Synodal Church*, no. 20). ചുരുക്കത്തിൽ യഥാർത്ഥ നായകരാകുക എന്നതിനർത്ഥം യേശുവുമായും ചുറ്റുമുള്ള ജനങ്ങളുമായും കൂട്ടായ്മയിലാകുക എന്നാണ്.

"അധിക കഥാപാത്രം" നായകനല്ല, പിന്നെയോ വില്ലനാണ്. ശിഷ്യത്വത്തിലേയ്ക്കുള്ള വിളി ഉപേക്ഷിക്കുന്നവരോ യേശു ആവശ്യപ്പെടുന്നതിലധികം ആവശ്യപ്പെട്ട് ജനത്തിന്റെ മനോഭാവം മാറ്റുന്നവരോ ആണ് ഈ ഒന്നിച്ചുള്ള യാത്രയിലെ വില്ലന്റെ ഭാഗം കളിക്കുന്നത്. ലോകത്തിലെ രാഷ്ട്രീയ ജ്ഞാനംകൊണ്ട് ഇവർ ജനത്തെ ദുഷിപ്പിക്കുന്നു. ഒന്നിച്ചുള്ള ഈ യാത്രയെ അതിന്റെ ലക്ഷ്യത്തിൽ നിന്ന് വഴിതിരിച്ചുവിടുന്നത് ഇവരാണ്. ഉച്ചത്തിൽ സംസാരിക്കുകയും എന്നാൽ പരിശുദ്ധാത്മാവിനെയോ സഹയാത്രികരെയോ ശ്രവിക്കാത്ത ഇത്തരം ആൾക്കാരെ നാം സൂക്ഷിക്കണം. നാലാം കാഥാപാത്രത്തിന്റെ കുതന്ത്രത്തിൽ നിന്ന് രക്ഷപ്പെടാൻ ദൈവവചനം ശ്രവിച്ചുകൊണ്ടുള്ള നിരന്തരമായ അനുതാപം നമുക്ക് ആവശ്യമാണ്. അധിക കഥാപാത്രത്തിന്റെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ നിരന്തരമായ ഒരു മാനസാന്തരം അനിവാര്യമാണ്.

**യുവജനങ്ങൾ നായക കഥാപാത്രങ്ങൾ**

സിനഡൽ സഭയ്ക്കകത്ത് യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് നായക കഥാപാത്രങ്ങളാകാനാണ്. അവർ സഭയുടെ ഭാവിയല്ല മറിച്ച്, സഭയുടെ ഇന്നാണ്. അവർ നിഷ്ക്രിയ അംഗങ്ങളല്ല മറിച്ച്, സാഹോദര്യത്തിന്റെ അപ്പസ്തോലരാകാൻ വിളിക്കപ്പെട്ട സമ്പൂർണ അംഗങ്ങളാണ്. അതിനാൽ അവരുടെ ശബ്ദം സിനഡൽ സഭയിൽ കേൾക്കപ്പെടണം. ഉറക്കെ സംസാരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. എല്ലാ സാഹചര്യങ്ങളിലും എങ്ങനെ "സ്നേഹത്തിൽ സത്യം പറയാൻ" (എഫേ 4:15) സാധിക്കുമെന്ന് അവർ അറിഞ്ഞിരിക്കണം. അതിന് അവർ പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കണം. ദൈവവചനത്താൽ നവീകരിക്കപ്പെടാൻ അവർ തയ്യാറായിരിക്കണം. ഭയംകൂടാതെ സഭയുടെ പ്രേഷിത നിയോഗം ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. കൂട്ടായ്മയുടേയും സൗഹൃദത്തിന്റെ പ്രായത്തിൽ വേർതിരിവില്ലാത്ത കൂട്ടായ്മ ഉണ്ടാക്കാൻ അവർ തയ്യാറാകണം. അങ്ങനെ ആനുകാലിക ലോകത്ത് സഭയുടെ സുന്നഹദോസ് സ്വഭാവം അവർ ജീവിക്കണം. അതുകൊണ്ട്, ആരോപണങ്ങൾ കേൾക്കുമ്പോൾ അവരുടെ ആത്മനിയന്ത്രണം നഷ്ടമാകരുത്. പാവങ്ങളുടെ സ്വരം കേൾക്കാൻ അധിക റോൾ അവർ കളിക്കണം. സ്ത്രീകളേയും കുഞ്ഞുങ്ങളേയും കേൾക്കാൻ അവർക്ക് സാധിക്കണം. മനുഷ്യസമൂഹത്തിലെ അടിച്ചമർത്തപ്പെട്ടവരുടെയും ദുരുപയോഗം ചെയ്യപ്പെട്ടവരുടേയും സ്വരത്തിനു നേർക്ക് അവർ കാതുകൾ അടയ്ക്കാൻ പാടില്ല. ഈ തുറവിയാണ് യുവജനങ്ങളെ യഥാർത്ഥ കൂട്ടായ്മയുടെയും പങ്കാളിത്വത്തിന്റേയും പ്രേഷിതത്വത്തിന്റെയും നായക കഥാപാത്രങ്ങളാക്കി തീർക്കുന്നത്.

**വഴി അനുധാവം ചെയ്യാൻ വിളിക്കപ്പെട്ട യുവജനങ്ങൾ**

യുവജനങ്ങൾ ഇഷ്ടപ്പെടുന്നത് യാത്ര ചെയ്യാനാണ്: സന്തോഷവും പ്രത്യാശയും നിറഞ്ഞ ഒരു യാത്ര. യേശു പറഞ്ഞു: "ഞാനാണ് വഴിയും സത്യവും ജീവനും" (യോഹ 4:16). ശിഷ്യന്മാരെന്ന നിലയിൽ യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് നിത്യമായ സന്തോഷവും പ്രത്യാശയും നല്കുന്ന "വഴി" പിൻതുടരാനാണ്. അതിനർത്ഥം നാം വഴി പിൻതുടരുന്ന പാതയിലാണ് എന്നാണ്. നമ്മുടെ യാത്ര ഒരു തീർത്ഥാടനമാകുന്നത് സന്തോഷത്തിന്റേയും പ്രത്യാശയുടേയും വഴിയിലൂടെ നാം യാത്ര ചെയ്യുമ്പോഴാണ്. യുവജനങ്ങൾ, കഥാനായകർ എന്ന നിലയിൽ, സങ്കീർണതകൾ നിറഞ്ഞ ഈ ലോകത്ത് ഇത്തരം തീർത്ഥാടനം നടത്താൻ വിളിക്കപ്പെട്ടവരാണ്. ആസ്വാദനത്തിന്റെ വ്യത്യസ്തമായ വഴികൾ ഈ ലോകം നമുക്ക് മുമ്പിൽ വച്ച് നീട്ടുമ്പോൾ യുവജങ്ങളെ സംബന്ധിച്ച് "ഈ വഴി" തെരഞ്ഞെടുക്കുന്നത് ഒരു വെല്ലുവിളി തന്നെയാണ്. യുവത്വം ധാരാളം ഊർജ്ജവും ഉത്സാഹവും നിറഞ്ഞതായതുകൊണ്ട് ക്രിയാത്മകതയും സ്ഥൈര്യവുംകൊണ്ട് ഈ വഴിയിലെ എതൊരു വെല്ലുവിളിയേയും മറികടക്കാൻ അവർക്ക് സാധിക്കും. ഒന്നിച്ചു നടക്കുന്നവർക്ക് മാത്രമേ മറ്റുള്ളവരെ കൂടുതൽ നടക്കാൻ സഹായിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഒറ്റയ്ക്കു നടക്കുന്നതിനേക്കാൾ ഒന്നിച്ചു നടക്കാനുള്ള ആർജ്ജവത്വം ഉണ്ടാകണം.

ഒന്നിച്ചു നടക്കുന്നത് ഒരു ലളിതമായ യാത്രയല്ല. നമുക്ക് സ്ഥിരതയും സ്ഥൈര്യവും വേണം കാരണം,

www.malankaralibrary.com

ഈ വഴിയെക്കുറിച്ച് നമ്മുടെ മനസ്സിൽ തെറ്റിധാരണയുണ്ടാക്കുന്ന ധാരാളം വ്യക്തികളും പ്രത്യയശാസ്ത്ര ങ്ങളും നമുക്ക് ചുറ്റുമുണ്ട്. ഈ വഴി ഉപേക്ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രയാസമേറിയ സമയങ്ങളുണ്ട്. ഈ വഴിയിൽ നിന്ന് വേറിട്ട് പോകാൻ നമ്മെ നിർബന്ധിക്കുന്ന സമ്മിശ്രമായ വികാരങ്ങളുണ്ട്. ഈ നിത്യ വഴിയുടെ മൂല്യങ്ങളെ ഈ ലോകത്തിന്റെ മൂല്യങ്ങളുമായി താരതമ്യം ചെയ്യാൻ പഠിപ്പിക്കുന്ന ബഹുജന പ്രസ്ഥാനങ്ങളു ണ്ട്. ഈ വഴിയെ വികൃതമാക്കുന്ന വാദങ്ങളുണ്ട്. ഇതെല്ലാം ഈ വഴി ഉപേക്ഷിക്കാൻ യുവമനസ്സുകളെ പ്രേരിപ്പി ക്കുന്ന പ്രലോഭനങ്ങളാണ്. നിങ്ങൾ ഇത് ഉപേക്ഷിച്ചാൽ, നിങ്ങൾ കൂട്ടായ്മയിലും പങ്കാളിത്തത്തിലും ദൗത്യ ത്തിലും നിന്ന് പിന്മാറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ വഴിയിൽ ആയിരിക്കാൻ അധികമായ ധൈര്യവും സ്ഥിരതയും നമുക്ക് ആവശ്യമാണ്. ഇത് കൂട്ടായ്മയുടേയും പങ്കാളിത്വത്തിന്റേയും പ്രേഷിതത്വത്തിന്റേയും വഴി യും, ചുരുക്കത്തിൽ, സുന്നഹദോസ് ശൈലിയുടെ വഴിയുമാണ്.

**ദൈവവചനത്തോടും പരിശുദ്ധാത്മാവിനോടുമുള്ള തുറവി**

നമ്മുടെ സിനഡൽ യാത്രയിൽ നമുക്ക് രണ്ടു സഹായങ്ങളാണുള്ളത്: ദൈവവചനവും പരിശുദ്ധാത്മാ വും. വൈകാരികതയും ആകർഷണീയതയും മൂലം സമപ്രായക്കാരുടെ കൂട്ടായ്മകൾ ഉണ്ടാക്കാൻ ഇഷ്ടപ്പെടു ന്നവരാണ് മിക്കവാറും യുവജനങ്ങളും. ഭൗതീകവാദത്തിന്റേയും വർഗീയവാദത്തിന്റേയും പ്രത്യയശാസ്ത്രങ്ങൾ ഇത്തരം കൂട്ടായ്മകളെ ക്രിയാത്മക പ്രവർത്തനങ്ങളെക്കാൾ നശീകരണ പ്രവർത്തനങ്ങളിലേയ്ക്ക് കാലക്രമ ത്തിൽ നയിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ യുവജനങ്ങൾ ദുഷിച്ച അരുവികളിൽ നിന്ന് പാനം ചെയ്യു കയും തന്മൂലം, അവർ നശീകരണത്തിന്റെ വക്താക്കളായി മാറുകയും ചെയ്യുന്നു. യേശു പറഞ്ഞു: "ആർക്കെ ങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദ യത്തിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:37–38). മാംസമായി തീർന്ന വചനമാണ് കൂട്ടായ്മയും ഉറവിടമെന്ന് നാം ഓർക്കണം. അതുകൊണ്ട് പരി. ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു: "നമ്മെ സംബന്ധിച്ച്, മനുഷ്യന്റെ ശ്രേഷ്ഠതയുടേയും സാഹോ ദര്യത്തിന്റേയും ഉറവിടം യേശുക്രിസ്തുവിന്റെ സുവിശേഷത്തിലാണ്" (Pope Francis, *Fratelli Tutti*, 277). ഈ യാത്ര വിരസത കൂടാതെ തുടരാൻ ദൈവവചനത്തോടുള്ള തുറവി അനിവാര്യമാണ്. അനുദിനമുള്ള ദൈവവ ചന വായന ഒന്നിച്ചുള്ള യാത്രയുടെ പാതയെ പ്രകാശിതമാക്കുന്നു, എന്നാൽ, ദൈവവചനത്തിന്റെ പുനർവാ യന "കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയാനും" (Paul VI, *Evangelii Nuntiandi*, 75) വ്യാഖ്യാനിക്കാനും നമ്മെ സഹായിക്കുന്നു. അതിലുപരി, തിരുവചനത്തിന്റെ പ്രാർത്ഥനാപൂർവമായ വായന (*Lectio Divina*) നമ്മുടെ ദർശനങ്ങളേയും ദൗത്യത്തെയും വിശുദ്ധീകരിക്കും.

'ഞാൻ നിങ്ങൾക്ക് ഒരു സഹായകനെ അയയ്ക്കും" (യോഹ 15:26) എന്ന യേശുവിന്റെ വാഗ്ദാനം ഈ യാത്രയിൽ നമുക്ക് ആത്മബലവും ആശ്വാസവുമാണ്. "ക്രിസ്തുവിന്റെ ദൗത്യനിർവഹണത്തിൽ സജീവമായി പ്രവർത്തിച്ചതും ദൈവവചനം കേൾക്കാനും അത് പ്രാവർത്തികമാക്കാനും അപ്പസ്തോലന്മാർക്കും ശിഷ്യ രുടെ പിൻതലമുറക്കാർക്കും വാഗ്ദാനം ചെയ്യപ്പെട്ടതുമായ അതേ ആത്മാവു തന്നെയാണ് സഭകളുടെ ഒന്നി ച്ചുള്ള യാത്ര പ്രകാശിതമാക്കുന്നതും ജീവസുറ്റതാക്കുന്നതുമായ ദൈവത്തിന്റെ ആത്മാവ്" (*Preparatory Document for a Synodal Church*, no. 16). ഈ ആത്മാവു തന്നെയാണ് അവസാനത്തെയാളെ ശ്രവിക്കാനും ഒന്നുമ ല്ലാത്തവർക്കുവേണ്ടി സംസാരിക്കാനും നമ്മെ സഹായിക്കുന്നത്. "ആത്മാവ്, കർത്താവിന്റെ വാഗ്ദാനമനുസ രിച്ച്, ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ തുടർച്ച ഉറപ്പാക്കുന്നതിൽ മാത്രം തന്നെതന്നെ സ്വയം പരിമിതപ്പെ ടുത്താതെ, അവന്റെ വെളിപാടിന്റെ പുതിയ പാതകളെ പ്രകാശിതമാക്കുകയും സഭയുടെ പ്രയാണം നില നിർത്താൻ ആവശ്യമായ തീരുമാനങ്ങൾക്കുവേണ്ട പ്രചോദനം നൽകുകയും ചെയ്യും" (*Preparatory Document for a Synodal Church*, no. 16). അതുകൊണ്ട് പരിശുദ്ധാത്മാവിനോടുള്ള തുറവി ഈ ഒന്നിച്ചുള്ള യാത്രയിൽ പ്രധാനപ്പെട്ടതാണ്.

**സുന്നഹദോസ് സ്വഭാവമുള്ള സഭയുടെ നിർമ്മിതി**

യുവത്വം സൗഹൃദത്തിന്റെ ഒരു കാലഘട്ടമായതുകൊണ്ട് കൂട്ടായ്മ ഉണ്ടാക്കാൻ അവർക്ക് എളുപ്പമാണ്. ഇഷ്ടക്കാരുടെ കൂട്ടം (Peer group) അല്ലെങ്കിൽ ഒഴിവാക്കുന്ന സൗഹൃദം (exclusive friendship) കൂട്ടായ്മയല്ല. ഈ സുന്നഹദോസ് യാത്രയിൽ നാം ഉണ്ടാക്കേണ്ടത് എല്ലാവരേയും ഉൾപ്പെടുത്തുന്ന കൂട്ടായ്മയാണ്. ഇത് ഉൾച്ചേർക്കുന്ന സൗഹൃദമാണ്: ദൈവത്തോടും സഹമനുഷ്യരോടും പ്രകൃതിയോടുമുള്ള ഒരു ചങ്ങാത്തം. എല്ലാ വരേയും സഹോദരരാക്കാനുള്ള (*fratelli tutti*) വിളിയാണിത്. ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിൽ ഈ കൂട്ടായ്മ ഒരു ദൗത്യത്തിനുവേണ്ടിയാണ്, എല്ലാവർക്കും സ്വാതന്ത്ര്യവും സമത്വവും നീതിയും അനുഭവിക്കാൻ കഴിയുന്ന ദൈവരാജ്യം കെട്ടിപ്പടുക്കാനുള്ള ഒരു ദൗത്യം. ഈ കെട്ടുപണിയിൽ മറ്റാരേക്കാളും യുവജനങ്ങൾക്ക്

www.malankaralibrary.com

പ്രധാന പങ്കുവഹിക്കാൻ സാധിക്കും. അതിനാശ്യം സമർപ്പണത്തോടും ഉത്തരവാദിത്വത്തോടുമുള്ള പങ്കുവയ്ക്കലാണ്.

ഇലക്ട്രോണിക് ഉപകരണങ്ങളുടേയും സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടേയും മദ്ധ്യേ ജീവിക്കുന്ന യുവജനങ്ങൾ ചിലപ്പോഴൊക്കെ അവരുടെ ചുറ്റുമുള്ള ലോകം വിസ്മരിക്കാറുണ്ട്. അവരുടെ വിരൽ തുമ്പിലെ സാങ്കല്പിക ലോകം അവരുടെ കുടുംബങ്ങളേയും ഇടവക കൂട്ടായ്മകളേയും സാമൂഹിക കൂട്ടായ്മകളെയും മറക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. സുന്നഹദോസ് ഒരു സാങ്കല്പിക യാത്രയല്ല, പിന്നെയോ ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നുള്ള ആളുകളെ കണ്ടുമുട്ടുന്ന മൂർത്തമായ ജീവിത യാഥാർത്ഥ്യമാണ്. ഇഷ്ടാ-നിഷ്ടങ്ങൾ, ആശയ-പ്രത്യശാസ്ത്രങ്ങൾ, പരാജയ-വിജയങ്ങൾ, സംശയ-സംഘർഷങ്ങൾ, മുതലായവയുടെ കണ്ടുമുട്ടൽ ഈ പൊതുപാതയിൽ ഒഴിച്ചുകൂടാനാവാത്തതാണ്. പരസ്പര ശ്രവണവും, പരസ്പരപങ്കുവയ്ക്കലും സുന്നഹദോസ് സ്വഭാവമുള്ള സഭയായി ജീവിക്കുന്ന നമ്മുടെ അനുഭവത്തെ സമ്പന്നമാക്കുന്നു. യുവജങ്ങൾക്ക് അവരുടെ ക്രിയാത്മകതയും ധൈര്യവുംകൊണ്ട് നമ്മുടെ സഭയെ ഒരു സുന്നഹദോസ് കൂട്ടായ്മയാക്കി മാറ്റാൻ സാധിക്കും. മുൻവിധികളും തെറ്റിധാരണകളുമില്ലാത്ത അർത്ഥപൂർണമായ പങ്കവയ്ക്കലുകൾ സഭാകൂട്ടായ്മകളിൽ അവർ പ്രോത്സാഹിപ്പിക്കണം. പ്രാന്തപ്രദേശങ്ങളിലെ ജീവിതങ്ങളെ പ്രകാശപൂരിതമാക്കാനും അവരുടെ ജീവിതങ്ങളെ സന്തോഷത്തിന്റേയും പ്രത്യാശയുടേയും നിറങ്ങൾകൊണ്ട് അലങ്കരിക്കാനുമുള്ള കൂട്ടായ പരിശ്രമങ്ങൾ യുവജനങ്ങൾ നടത്തണം. സുന്നഹദോസ് സ്വഭാവമുള്ള ഒരു സഭയെ മൂന്നാം സഹസ്രാബ്ദത്തിൽ കെട്ടിപ്പടുക്കുക എന്നത് യുവമനസ്സുകൾക്ക് ഒരു വെല്ലുവിളിയും നിയോഗവുമാണ്.

**സംവാദത്തിന്റ സംസ്ക്കാരം സിനഡൽ സഭയിലേയ്ക്കുള്ള പാത**

സഭയിലും സമൂഹത്തിലും സംവാദത്തിന്റെ സംസ്ക്കാരം വളർത്തുമ്പോൾ മാത്രമേ ഒരു സിനഡൽ സഭ സാധ്യമാവുകയുള്ളൂ. മൗനവും ത്യാഗവും ഉൾക്കൊള്ളുന്ന സ്ഥിരോത്സാഹത്തിന്റെ ഒരു പാതയായ സംവാദത്തിന് വ്യക്തികളുടേയും ജനതകളുടേയും അനുഭവങ്ങൾ സമാഹരിക്കാൻ സാധ്യമാണ്. സംവാദത്തിൽ പ്രകടമാകുന്നത് മറ്റുള്ളവരോടുള്ള ഒരാളുടെ പരിഗണനയാണ്. അതുകൊണ്ട് നാം ചോദിക്കണം: നമ്മുടെ സഹോദരീസഹോദരങ്ങളെ നാം കരുതാറുണ്ടോ? നമ്മുടെ മുതിർന്ന തലമുറയെ നാം പരിഗണിക്കാറുണ്ടോ? നമ്മുടെ പുതുതലമുറയെ നാം കരുതാറുണ്ടോ? നമ്മുടെ വിശ്വാസ സമ്പത്തിനെ നാം പരിഗണിക്കാറുണ്ടോ? നമ്മുടെ പ്രകൃതിയെ നാം കരുതാറുണ്ടോ? നാം യഥാർത്ഥത്തിൽ കരുതിയാൽ നാം അവരുമായി സംവാദത്തിലാണ്. സാങ്കേതികവും സാമ്പത്തികവുമായ പുരോഗതി പലപ്പോഴും തലമുറകൾ തമ്മിലുള്ള അകലം സൃഷ്ടിക്കുന്നു എന്നത് സത്യമാണ്. അതുകൊണ്ട് തലമുറകൾ തമ്മിലുള്ള പങ്കാളിത്തത്തിന്റേ അനിവാര്യതയെക്കുറിച്ച് പരി. ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഓർമിപ്പിക്കുന്നു. "മുതിർന്നവരുടെ അനുഭവവും വിജ്ഞാനവും യുവജനങ്ങൾക്ക് അത്യാവശ്യമായിരിക്കുമ്പോൾ മുതിർന്ന തലമുറയ്ക്ക് ആവശ്യമായിരിക്കുന്നത് യുവജനങ്ങളുടെ പിൻതുണയും പരിലാളനയും ക്രിയാത്മകതയും ചലനാത്മകതയുമാണ്" (*Message of Pope France for the 55th Word Day of Peace* given on 1 January 2022). സിനഡൽ സഭയുടെ ഭാഗമാകുന്നതിന് മാതാപിതാക്കളും മുതിർന്ന തലമുറയുമായുള്ള യുവജനങ്ങളുടെ അർത്ഥപൂർണമായ കണ്ടുമുട്ടൽ അത്യാവശ്യമാണ്. ഹൃദയം കൊണ്ട് സംഭാഷിക്കുന്ന കല അവർ അറിഞ്ഞിരിക്കണം. പെട്ടെന്നുള്ള വിധിന്യായങ്ങളും നിയന്ത്രണമില്ലാത്ത വികാരങ്ങളും സത്യസന്ധമായ സംവാദങ്ങളെ ഇല്ലായ്മ ചെയ്യുന്നു. ഹൃദയത്തിൽ നിന്ന് ഒഴുകുന്ന സ്നേഹത്തിന്റെ ഭാഷയാണ് സംവാദം എന്ന് നാം ഓർക്കണം.

**സിനഡൽ സഭയിലെ പങ്കാളിത്തം**

സുന്നഹദോസ് സ്വഭാവമുള്ള സഭയുടെ ഭാഗമാകാൻ സത്യസന്ധമായ ശ്രവണത്തിനും സംവാദത്തിനും സഹായകരമായ ചില മനോഭാവങ്ങൾ യുവജനങ്ങൾക്ക് ആവശ്യമാണ്.

**1. പങ്കുവയ്ക്കാനുള്ള സമയം:** ശബ്ദവും കോലാഹലവും നിറഞ്ഞ ലോകത്ത്, യുവജനങ്ങൾ തങ്ങളുടെ സഹയാത്രികരെ ശ്രവിക്കാനാവശ്യമായ സമയം കണ്ടെത്തണം. ഇക്കാര്യത്തിൽ, മാതാപിതാക്കളും രക്തബന്ധുക്കളും ആദ്യ നിരയിൽ നിൽക്കുമ്പോൾ പിന്നെ വരുന്നത് സുഹൃത്തുക്കളും സഹപ്രവർത്തകരും അയൽവാസികളുമൊക്കെയാണ്. നമ്മുടെ മനുഷ്യ സമൂഹത്തിൽ മുറിവേൽക്കപ്പെട്ടവരുടെ നിശബ്ദമായ കരച്ചിൽ ശ്രവിക്കാൻ നാം മറന്നുപോകരുത്. ഇത്തരത്തിലുള്ള എല്ലാവരേയും കേൾക്കാൻ നാം സമയം കണ്ടെത്തണം.

**2. ശ്രവിക്കാനുള്ള വിനയവും സംസാരിക്കാനുള്ള ധൈര്യവും:** യുവജനങ്ങൾ മറ്റുള്ളവരെ വിനയത്തോടെ ശ്രവിക്കണം. പലപ്പോഴും നാം മറ്റുള്ളവരെ ശ്രവിക്കുന്നതായി നടിക്കാറുണ്ട്, എന്നാൽ ഇത് വിനയമല്ല. ഗൗരവമായും സത്യസന്ധമായും നാം നമ്മുടെ സമയം മറ്റുള്ളവർക്ക് നൽകണം. അതോടൊപ്പം, സത്യം സംസാരി

ക്കാനും സത്യം മാത്രം സംസാരിക്കാനുമുള്ള ധൈര്യം നമുക്ക് ആവശ്യമാണ്. സത്യം സംസാരിക്കാനുള്ള ഭയം, പ്രത്യേകിച്ച് ജനക്കൂട്ടത്തിനിടയിൽ, ഭീരുത്വത്തിന്റെ അടയാളമാണ്. നിങ്ങൾക്ക് സത്യം അറിയാമായിരിക്കുകയും അത് ഉച്ചത്തിൽ സംസാരിക്കാനുള്ള ധൈര്യം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ നിശബ്ദതയ്ക്ക് നിങ്ങൾ വിലനൽകേണ്ടി വരും.

**3. മാനസാന്തരത്തിനും മാറ്റത്തിനുമുള്ള തുറവി:** നമ്മുടെ യാത്ര നയിക്കുന്ന ആത്മാവ് പുതുമയുടെ ആത്മാവാണ്. അതുകൊണ്ട്, നമ്മുടെ ഭൂതകാലത്തിന്റെ നീരാളി പിടിത്തത്തിലായിരിക്കാനുള്ള പ്രലോഭനത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് ആത്മാവിന്റെ പ്രചോദനമനുസരിച്ചുള്ള മാറ്റത്തിന് നാം തയ്യാറായിരിക്കണം. അതേസമയം, നമ്മുടെ സഹയാത്രികരിൽ നിന്ന് നാം കേൾക്കുന്നതിന് അനുസരിച്ച് നമ്മുടെ അഭിപ്രായങ്ങളിൽ മാറ്റംവരുത്താനും നമുക്ക് സാധിക്കണം.

**4. സഭാത്മക ബോധം:** ഒന്നിച്ചുള്ള യാത്ര ഒരു സഭാത്മക പ്രവൃത്തിയാണ്. അതുകൊണ്ട് സഭയിലായിരിക്കുക എന്നത് ഈ യാത്രയുടെ ഒരു മാനദണ്ഡമാണ്. വിശ്വാസികൾ ചവിട്ടിനിൽക്കുന്ന മണ്ണാണ് തിരുസഭ. അവൾ നമ്മുടെ അമ്മയാണ്. അതുകൊണ്ട് അവളെ തള്ളിപ്പറഞ്ഞുള്ള പ്രയാണങ്ങൾ സുന്നഹദോസ് യാത്രകളല്ല എന്ന് ഓർക്കണം. അതിലുപരി, ഒന്നിച്ചുള്ള ഈ യാത്രയുടെ ഭാഗമാകുന്നതിലൂടെ ഒരോരുത്തരും ഈ ആനുകാലിക ലോകത്തിൽ സുന്നഹദോസ് സ്വഭാവമുള്ള സഭയെ ഒരു യാഥാർത്ഥ്യമാക്കുകയാണ്.

**5. മുൻവിധികളും സ്ഥിരശൈലികളും പാടില്ല:** എല്ലാവരോടും ഒന്നിച്ചു നടക്കാൻ നമ്മുടെ മനസ്സിൽ നിന്ന് മുൻവിധികളും നമ്മുടെ പ്രവർത്തികളിൽ നിന്ന് സ്ഥിരശൈലികളും നാം ഉപേക്ഷിക്കേണ്ടതാണ്. ഫലദായകമായ ശ്രവണത്തിന്റെ ആദ്യപടി അജ്ഞതയിലേയ്ക്കും വിഭാഗീയതയിലേയ്ക്കും നയിക്കുന്ന തെറ്റായ പാതയിൽ നിന്ന് നമ്മുടെ മനസ്സിനേയും ഹൃദയത്തേയും സ്വതന്ത്രമാക്കുക എന്നതാണ്.

**6. സ്വയപര്യാപ്തതയുടെ വൈറസിനെ ഒഴിവാക്കുകയും പ്രത്യയശാസ്ത്രങ്ങൾക്കുപരിയായി പ്രയാണം ചെയ്യുക:** നാം ഒരു യാത്രയിലാണ്. നമുക്ക് എല്ലാം അറിയാമെന്നും നമുക്ക് എല്ലാം ഉണ്ടെന്നും ചിന്തിക്കരുത്. നാം മറ്റുള്ളവരെ ശ്രവിക്കുകയും അവരിൽ നിന്ന് പഠിക്കുകയും ചെയ്യണം. അതിന് നമ്മുടെ മനസ്സിലും ഹൃദയത്തിലുമുള്ള സ്വയംപര്യാപ്തയുടെ വൈറസിനെ നാം കൊല്ലണം. യഥാർത്ഥ ജീവിത സാഹചര്യങ്ങൾക്കുമേൽ ആശയങ്ങൾ ആധിപത്യം നടത്തുന്ന ഭാവനാലോകത്ത് യുവജനങ്ങൾ അഭിരമിക്കാനുള്ള മറ്റൊരു അപകടവും അവിടെയുണ്ട്. ഈ യാത്രയിൽ നമ്മുടെ മനസ്സും ഹൃദയവും സാധാരണ മനുഷ്യരുടെ പ്രത്യേകിച്ച്, നമ്മുടെ കുടുംബങ്ങളിലേയും സഭാ കൂട്ടായ്മയകളിലേയും പൊതു സമൂഹത്തിലേയും കുഞ്ഞുങ്ങളുടേയും മുതിർന്നവരുടേയും യഥാർത്ഥ ജീവിതത്തിലേയ്ക്ക് തുറക്കേണ്ടത് നമുക്ക് ആവശ്യമാണ്.

**7. പ്രത്യാശ വർദ്ധിപ്പിക്കുകയും ഭാവിയെക്കുറിച്ച് സ്വപ്നം കാണുകയും ചെയ്യുക:** നാം വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ ദീപസ്തംഭമാകാനാണ്; അല്ലാതെ, നാശത്തിന്റെ പ്രവാചകരാകാനല്ല. ദൈവാശ്രയബോധം കൈവെടിയാതെ ഈ യാത്ര പുരോഗമിക്കുകയാണെങ്കിൽ എല്ലാവിധമായ ദുരന്തങ്ങളും, പ്രകൃദത്തവും മനുഷ്യനിർമ്മിതവുമായവ, ഉളവാക്കുന്ന വ്യത്യസ്തമായ ജീവിതാനുഭവങ്ങളുടെ മധ്യേ യുവജനങ്ങൾക്ക് പ്രത്യാശ വർദ്ധിപ്പിക്കാൻ സാധിക്കും. അവർക്കു ചുറ്റും പ്രത്യാശയുടെ കിരണങ്ങൾ പ്രസരിപ്പിക്കാൻ ഇത് അവരെ സഹായിക്കുന്നു. ഒന്നിച്ചുള്ള ഈ യാത്ര പ്രസന്നമായ ഭാവിയിലേയ്ക്ക് നമ്മെ നയിക്കും. അതുകൊണ്ട് യുവജനങ്ങൾ അവരവരുടെ ഭാവിമാത്രമല്ല എല്ലാവരുടേയും ഭാവി സ്വപ്നം കാണണം.

**പ്രലോഭനങ്ങൾ**

ഒന്നിച്ചുള്ള യാത്ര എളുപ്പമുള്ള ഒരു കൃത്യമല്ല. വഴിയിൽ ധാരാളം പ്രതിസന്ധികളുണ്ട്. അത്തരം പ്രതിബന്ധങ്ങൾ നമ്മുടെ യാത്ര ഉപേക്ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന പരീക്ഷണങ്ങളാണ്. അതുകൊണ്ട് അത്തരം പ്രലോഭനങ്ങളെക്കുറിച്ച് നാം ബോധമുള്ളവരായിരിക്കണം.

**1. സ്വയം നയിക്കപ്പെടാനുള്ള പ്രലോഭനം:** സുന്നഹദോസ് യാത്ര ഒരു സംഘടനാ പ്രവർത്തനമല്ല; മറിച്ച്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ആത്മീയ പ്രവർത്തനമാണ്. നമ്മുടെ തോന്നലുകളനുസരിച്ചല്ല ഈ യാത്ര നയിക്കപ്പെടേണ്ടത്; മറിച്ച്, പരിശുദ്ധാത്മാവിന്റെ പ്രേരണയാലായിരിക്കണം, കാരണം നമ്മൾ ഈ യാത്രയിലെ തീർത്ഥാടകരും ദാസരുമാണ്. അതുകൊണ്ട് എല്ലായ്പ്പോഴും ദൈവീക കുശവന്റെ കൈയ്യിലെ കളിമണ്ണുപോലെ (ഏശ 64:8) നമ്മെ തന്നെ ദൈവേഷ്ടത്തിന് സമർപ്പിക്കുക.

**2. സ്വന്തകാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള പ്രലോഭനം:** ഒന്നിച്ചുള്ള ഈ യാത്രയിൽ, ഓരോരുത്തരുടേയും പെട്ടെന്നുള്ള പരിഗണനയുടെ കുഴിയിൽ വീണുപോകാതിരിക്കാൻ ശ്രദ്ധിക്കണം. നാം ചുറ്റുപാടും നോക്കുകയും അതിർവരമ്പുകളിൽ ജീവിക്കുന്ന പാവപ്പെട്ടവരുടെ ജീവിതങ്ങളെ കാണുകയും ചെയ്യ

ണം. നമ്മുടെ വീക്ഷണങ്ങൾ സാർവത്രികമായി വിശാലമാക്കാൻ ഈ സുന്നഹദോസ് യാത്ര നമ്മെ സഹായിക്കും. മറ്റുള്ളവരുടെ വീക്ഷണകോണുകളിലൂടെയും കാര്യങ്ങൾ കാണാൻ നമുക്ക് കഴിയണം. ദീർഘകാലാധിഷ്ഠിതവും എല്ലാറ്റിനേയും ഉൾചേർക്കുന്നതുമായ പദ്ധതികൾ നാം സ്വപ്നം കാണണം.

**3. പ്രശ്നങ്ങളെ മാത്രം കാണാനുള്ള പ്രലോഭനം:** പ്രശ്നങ്ങളിൽ മാത്രം നമ്മുടെ ശ്രദ്ധ കേന്ദ്രീകരിച്ചാൽ അത് പരവേശത്തിലേയ്ക്കും നഷ്ടധൈര്യത്തിലേയ്ക്കും ദോഷൈകദൃഷ്ടിയിലേയ്ക്കും നമ്മെ നയിക്കും. ഇരുട്ടിലേയ്ക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ വെളിച്ചം നമുക്ക് നഷ്ടമാകും. അതുകൊണ്ട് "ലോകത്തിന്റെ പ്രകാശത്തിലേയ്ക്ക്" (യോഹ 8:12) നാം നോക്കുകയും പ്രശ്നങ്ങൾക്കപ്പുറം കൂട്ടായ പരിഹാരം കണ്ടെത്തുകയും ചെയ്യണം.

**4. ഭൗതീക സംവിധാനങ്ങളെ മാത്രം കാണാനുള്ള പ്രലോഭനം:** എല്ലാറ്റിനേയും ഭൗതീക സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്താനുള്ള ഒരു പ്രവണത എപ്പോഴും നമുക്കുണ്ട്. ഈയടുത്തകാലത്ത് സഭയ്ക്കെതിരെ ഉയർന്നിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആരോപണങ്ങളും ഭൗതീക സംവിധാനങ്ങളുടെ പേരിലായിരുന്നു. ഈ ലോകത്തിൽ സഭയുടെ ദൗത്യം പൂർത്തിയാക്കാൻ വിശാലമായ ഒരു ചിത്രം നാം സൂക്ഷിക്കണം. ഇത് ഒരു ആത്മീയ യാത്ര ആയതിനാൽ, നമ്മുടെ സഭയെ ഒരു ആത്മീയ സ്ഥാപനമായി നാം നോക്കി കാണണം. പരിശുദ്ധാത്മാവിന് ഏതുസമയത്തും ഇടപെടാൻ സാധിക്കുമെന്ന് നാം വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യണം.

**5. ഒന്നിച്ചുള്ള യാത്രയുടെ ലക്ഷ്യം നഷ്ടപ്പെടുത്താനുള്ള പ്രലോഭനം:** ഒരു കൂട്ടായ പരിശ്രമത്തിന്റെ ഭാഗമാകുമ്പോൾ, ചിലസമയങ്ങളിൽ, അതിന്റെ ലക്ഷ്യത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ പതറിപോകാനിടയുണ്ട്. സുന്നഹദോസ് യാത്രയുടെ ലക്ഷ്യത്തിൽ നിന്ന് നമ്മുടെ മനസ്സിനേയും ഹൃദയത്തെയും വഴിതെറ്റിക്കുന്ന എല്ലാറ്റിനെക്കുറിച്ചും ജാഗ്രതവേണം. എല്ലാ പ്രശ്നങ്ങൾക്കും ഉടനടി പരിഹാരം എപ്പോഴും പ്രതീക്ഷിക്കരുത്. ദൈവീക ഫലങ്ങൾ സ്വീകരിക്കാനായി കൂട്ടുത്തരവാദിത്വ രീതിയിൽ മുന്നോട്ട് പ്രയാണം ചെയ്യുന്ന ഒരു മനോഭാവവും സമീപനവുമാണ് സുന്നഹദോസ് ശൈലി.

**6. വിഭാഗീയതയ്ക്കും വിഭജനത്തിനുമുള്ള പ്രലോഭനം:** ഈ സുന്നഹദോസ് യാത്ര "അവരെല്ലാവരും ഒന്നാകുവാൻ" (യോഹ 17:21) എന്ന യേശുവിന്റെ പ്രാർത്ഥന യാഥാർത്ഥ്യമാക്കാനുള്ള ഒരു തീർത്ഥാടനമാണ്. ഇത് ഐക്യത്തിലുള്ള പ്രയാണമാണ്. വിഭജനത്തിന്റെ വിത്തുകൾ ഫലം പുറപ്പെടുവിക്കില്ല. ഒരാളുടെ ആശയം ശരീരം (തിരുസഭ) മുഴുവൻ അടിച്ചേൽപ്പിക്കുന്നത് വിഭാഗീയതയ്ക്കും വിഭജനത്തിനും കാരണമാകും. ദൈവത്തോടും മറ്റുള്ളവരോടുമുള്ള ആഴമായ കൂട്ടായ്മയിലേയ്ക്ക് നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണെന്ന് നാം ഓർക്കണം. അതുകൊണ്ട്, ഈ യാത്രയുടെ ഓരോ നിമിഷത്തിലും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ നാം ശ്രദ്ധിക്കണം.

**7. ഒന്നിച്ചുള്ള യാത്രയെ പാർലമെന്ററി ജനാധിപത്യമായി കാണാനുള്ള പ്രലോഭനം:** സുന്നഹദോസ് യാത്ര ഒരു രാഷ്ട്രീയ യുദ്ധമല്ല. രാഷ്ട്രീയത്തിൽ, ഒരു ഭാഗം എതിർഭാഗത്തെ തോൽപിക്കുന്നത് അധികാരം കൈയ്യടക്കാനാണ്. സുന്നഹദോസ് യാത്ര ഭൂരിഭാഗത്തിന്റെ ഭരണമല്ല മറിച്ച്, എല്ലാവരും ദൈവഭരണത്തിൻകീഴിൽ ഒന്നിച്ചു നടക്കുകയും ജീവിക്കുകയും ചെയ്യുന്നതാണ്. പാർലമെന്ററി തത്വങ്ങളല്ല പിന്നെയോ ദൈവരാജ്യത്തിന്റെ മൂല്യങ്ങളാണ് നമ്മുടെ പ്രവർത്തനങ്ങളെ നയിക്കുന്നത്.

**സമാപനം**

മൂന്നാം സഹസ്രാബ്ദത്തിലെ സഭയ്ക്കുള്ള കാലഘട്ടത്തിന്റെ വിളിയാണ് സുന്നഹദോസ് ആയിരിക്കുക എന്നത്. സഭയെ സംബന്ധിച്ച് സുന്നഹദോസ് ആയിരിക്കുക എന്നത് പുതിയ കാര്യമല്ല. കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി അവൾ കൂട്ടായ്മ സ്വഭാവം ജീവിക്കുകയായിരുന്നു. അതുകൊണ്ട് ഭാവികാലത്തിനായി, സഭ ദർശനത്തിലും പ്രവർത്തനത്തിലും സുന്നഹദോസ് ആയിരിക്കണം. യുവജനങ്ങളെ സംബന്ധിച്ച്, സുന്നഹദോസ് സഭയുടെ ഭാഗമാകുക എന്നത് ദാനവും ദൗത്യവുണ്. ഇത് ഒരു ദാനമാണ് കാരണം, ഇത് സ്വർഗത്തിൽ നിന്നുള്ള അനുഗ്രഹമാണ്. ഇത് ഒരു ദൗത്യമാണ് കാരണം, ഇത് കൂട്ടായ്മയിൽ നിവർത്തിയാകേണ്ട നിയോഗമാണ്. അതുകൊണ്ട് ദർശനത്തിലും പ്രവർത്തനത്തിലും സുന്നഹദോസായിരിക്കാനുള്ള വെല്ലുവിളി എറ്റെടുക്കാൻ യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അവർ സംവാദത്തിന്റെ സംസ്ക്കാരം രൂപീകരിക്കാനും കൂട്ടായ്മ കെട്ടിപ്പടുക്കാനുമുള്ള കഥാനായകരാകണം. അങ്ങനെ എല്ലാ തലമുറകളോടും സുവിശേഷം പ്രസംഗിക്കാനുള്ള പ്രേഷിത നിയോഗത്തിൽ അവർ പങ്കാളികളാകുന്നു. ഇത് ഒന്നിച്ചുള്ള ഒരു യാത്രയാണ്.

www.malankaralibrary.com

MALANKARA CATHOLIC YOUTH MOVEMENT

THEME - 2022



# YOUTH THE CO-PILGRIMS

Role of youth in life and mission of a Synodal church

www.malankaralibrary.com

# Youth the Co-pilgrims

## The Role of Youth in the Life and Mission of a Synodal Church



**Dr. Fr. Prabheesh George**

### Introduction

Pope Francis invites all the members of the Church to reflect on the nature and mission of the Church on the wake of the forthcoming Synod of Bishops which will be held in October 2023 in Rome. For the first time, the gathering of Bishops discuses on the nature of Synod itself: a synod on synodality. The objective of this synodal journey is to listen the Holy Spirit together and thus to listen each other. The Church wishes that all should take part consciously in this mutual hearing and speaking. This is a divine call to make a responsible pilgrimage to fulfil the mission of evangelization in this contemporary world. Youngsters as the 'now of the Church' have special responsibility to take part in this pilgrimage. As the members of the Malankara Catholic Youth Movement, the youth of the Malankara Syrian Catholic Church are invited to reflect more on the role of youth in the life and mission of a Synodal Church.

### Church as the People of God

Jesus Christ, 'the one and only name given under the heaven for the salvation' (Acts 4:12), established the Church as "the universal sacrament of salvation" (*Lumen Gentium*, 48). Church is a divine and human institution at the same time. As a human institution she is at the service of the Kingdom of God and it is her mission. It is not a mission of socialization but a divine mission to bring everything under the reign of God. As a divine institution she is guided by the Holy Spirit and is constantly renewed to fulfil the mission of salvation amidst of all the possibilities and challenges of the contemporary world. For many centuries the Church is defined by the image of a pyramid and hence the faithful are placed at the bottom of this structure. Hence, many believed that the discernment of the voice of Holy Spirit is possible only by those who are on top of this pyramid. In fact, anyone can listen the divine voice, because, "The wind blows wherever it pleases" (Jn 3:8). Moreover we have the promise of God: "In the last days, I will pour out my Spirit on all people. Your sons and daughters will prophesy, your young men will see visions, your old men will dream dreams" (Acts 2:17). Hence no one shall be excluded from this family of People of God.

Rediscovering the communion nature of the Church, the Second Vatican Council declared that the Church is established to reveal and relive the communion of Triune God in this world. Hence, the Second Vatican Council defined Church of Christ as the people of God (*Lumen Gentium*, 9). Retrieving the true image of the Church, the Council invites all to partake in her mission. Church understood as communion highlights the unique role of each and everyone in her mission. The call to royal priesthood received at the time of the sacrament of Baptism instil in all a divine right and obligation to share in the life and mission of the Church. "Our 'journeying together' is, in fact, what most effectively enacts and manifests the nature of the Church as the pilgrim and missionary People of God" (*Preparatory Document for a Synodal Church*, no.1). Synodality implies a responsible and collective way of living Christian faith. St. John Chrysostom says: "Church and synod are synonyms." It means Church cannot but synodal. In fact, highlighting Synodality, Pope Francis presents a future Church. Therefore, all members of the Church are called to walk together with one destiny.

www.malankaralibrary.com

**A Call to Journey Together**

Covid-19, a global tragedy gave us the conviction that all are in the same boat having the same experience of anguish and anxiety. It also taught the human race that "no one is saved alone: we can only be saved together" (Pope Francis, *Fratelli Tutti*, 32). The contemporary experience of uncertainties demands a joint venture to wipe-out the mourning and suffering caused by this pandemic. Moreover, we, as a human family, need to listen the cry of poor and marginalized caused by inequalities and inequities intensified by this tragic condition. The post-Covid situation demands a rereading of the nature and mission of the Church.

The global tragedy reaffirms that the Church as the people of God is constantly on a pilgrimage. The faithful are called to journey together and it is "a prophetic sign for the human family." (*Preparatory Document for a Synodal Church*, no. 9). It is a discovery of the face and form of a synodal Church, in which "everyone has something to learn" (*Preparatory Document for a Synodal Church*, no. 15) and everyone has something to share. It is an on-going process of listening to the Spirit of Truth together. It is a journey of people of God discerning the voice of the Holy Spirit together. In this journey the Spirit from heaven aids us to hear the voice of the last and least. It is a pilgrimage where all share and enjoy the hope of Christian living. It is a missionary journey of the people of God to work for peace, justice and equality in the human society. Hence this journey is a pilgrimage of the people of God as a Church under the inspiration of the Holy Spirit in communion, participation and mission. This journeying together is a gift and task, because we need to take all challenges of living communion and participation meaningfully and thus we have to achieve together the mission entrusted to the Church by our Lord. This journeying together makes our ecclesial community a synodal Church. Therefore, the faithful, especially the young people, are called to build a synodal Church in this third millennium.

**Protagonists of this Journey**

The preparatory document of this synodal Church presents 'three plus one actors' (protagonists) in this Synodal journey. Jesus, the eternal protagonist who listened always poor, marginalized and unspoken is the first character. The second protagonist is the Crowd around Jesus. There were people from different races, cultures, languages and traditions. Their hearts were opened to the Word of God and hence they always listened Jesus Christ. The third one is Apostles who stand in between the Crowd and Jesus Christ. They are called to guard the place of Jesus but without replacing him. These three characters present before us a model of being synodal. The early Church lived well this synodal nature. 'If Jesus is absent, and someone else takes his place, the Church then becomes a contract between the apostles and the crowd and the ecclesial activities will end up as a political game. Without the apostles, and the crowd, whether it accepts or rejects Jesus, remains exposed to a myth or an ideology about him. Without the crowd, the apostles' relationship with Jesus becomes corrupted into a sectarian and self-referential form of religion,' (ref. *Preparatory Document for a Synodal Church*, no. 20). In short, being a true protagonist means being in communion with Jesus and with people around.

The "extra actor" is not protagonist but antagonist. Those who leave the call to discipleship or who change the mood of crowds by demanding more than that of Jesus play the role of antagonists in this journeying together. They seduce the people with worldly political wisdom. They divert this journey together from its destiny. Be aware of these people who speak a loud but listening neither Holy Spirit nor co-pilgrims. To escape from the deception of the "fourth actor" we need continuous repentance by listen to the Word of God. An on-going conversion is necessary for not falling into the wickedness of extra actors.

www.malankaralibrary.com

**Young People are Protagonists**

Young people are called to be protagonists within the synodal Church. They are not future of the Church but now of the Church. They are not passive members but are full-fledged members who are called to be apostles of fraternity. Hence they are to be heard in this synodal Church. They are to be encouraged to speak out. They should know how "to speak truth in love" (Eph 4:15) in all seasons. For that they need to listen the voice of the Holy Spirit. They should be ready to be renewed by the Word of God. They should be encouraged to take the mission of Church without fear. Being at the age of fellowship and friendship they should be ready to make communion without discrimination. Thus they have to live the synodal nature of the Church in the contemporary world. Hence, they shall not lose temperament while hearing criticisms. They should play extra role to hear the voice of the poor. They should be able to listen the voice of the women and minors. They shall not close their ears to the voice of oppressed and abused people of human society. This openness forms young people as true protagonists of communion, participation and mission.

**Youth Called to be Followers of the Way**

Young people like to make journeys: a journey of joy and hope. Jesus Said: "I am the Way, the Truth and the Life" (Jn 4:16). As disciples youth are called to follow "the Way" that gives eternal joy and hope. It means that we are on the way following the Way. Our journey becomes a pilgrimage when we journey the Way of joy and hope. The young people, as protagonists, are called to make such pilgrimage in this world of complexities. When this world offers different ways of enjoyment, selecting this Way is really a challenge for young people. Youthood is filled with lots of energy and enthusiasm and hence they can overcome any challenge on this Way with creativity and courage. Only those who walk together can help others to walk further. So be courageous enough to walk together than alone.

Walking together is not an easy journey. We need consistency and courage because there are people and ideologies around us that make confusions in our minds regarding this Way. There are difficult times that force us to leave this Way. There are mixed emotions that compel us to divert from this Way. There are massive movements that teach us to compare the values of this eternal Way with the values of the world. There are isms that distort this Way. All these are temptations that induce young minds to quit this journey. If you quit, you leave communion, participation and mission. Therefore, we need extra courage and consistency to be on this Way. It is a way of communion, participation and mission and in short, a way of synodality.

**Docility to Word of God and the Holy Spirit**

In our synodal journey there are two aids: Word of God and the Holy Spirit. Most of the young people like to make peer groups out of passion and fashion. The ideologies of secularization and fundamentalism lead such peer groups gradually into destructive activities than constructive. In such situations, the youth drink from wrong springs and hence they become agents of destruction. Jesus said: "If anyone is thirsty, let him come to Me and drink. He who believes in Me, as the Scripture said, From his innermost being will flow rivers of living water." (Jn 7:37-38). It is to be remembered that our source of communion is the Word who became flesh. Therefore, Pope Francis reminds us: "For us the wellspring of human dignity and fraternity is in the Gospel of Jesus Christ." (*Fratelli Tutti*, 277). Openness to the Word of God is necessary for continuing this journeying without lethargy. Regular reading of the World of God enlightens the path of our journeying together, but, rereading of the Word of God helps us to interpret and "to discern the signs of the times" (Paul VI, *Evangelii Nuntiandi*, 75). Moreover, prayerful reading of the Scripture (*Lectio Divina*) purifies our vision and mission.

www.malankaralibrary.com

The promise of Jesus that "I will send you the advocate" (Jn 15:26) gives us confidence and comforts in this journey. "The Spirit of God, who illuminates and vivifies this "journeying together" of the Churches, is the same Spirit who works in the mission of Jesus, promised to the Apostles and to the generations of disciples who hear God's Word and put it into practice" (*Preparatory Document for a Synodal Church*, no. 16). The same Spirit helps us to listen the last ones and to speak for the least ones. "The Spirit, according to the Lord's promise, does not limit himself to confirming the continuity of the Gospel of Jesus, but will illuminate the ever-new depths of his Revelation and inspire the decisions necessary to sustain the Church's journey." (*Preparatory Document for a Synodal Church*, no. 16). So docility to the Holy Spirit is important in this journeying together.

**Building a Synodal Church**

Youthhood is a time of friendship and hence it is easy for them to make communion. Peer group or exclusive friendship is not a communion. In the synodal journey we should make communion of all. It is an inclusive friendship; a companionship with God, fellow human beings and the nature. It is a call to make *fratelli tutti*. From a theological point of view this communion is for a mission, a mission of building the kingdom of God where all can enjoy freedom, equality and justice. More than anybody else the young people can take a leading role in this building up. For that we need committed and responsible sharing.

Young people who live in a world of electronic gadgets and social communication sometimes forget the world around them. The virtual world at their finger points makes them forget their family, their parish communities, and their social groups. Syondality is not a virtual journey but a concrete life reality where we meet people of all walks of life. A meeting of likes and dislikes, idea and ideologies, defeats and victories, confusions and conflicts, etc. is inevitable in this common path. Mutual hearing and mutual sharing enrich our experience of living a synodal Church. The youth, with their creativity and courage can make our Church a synodal community. They should encourage meaningful sharing in our ecclesial communities, without prejudices and misapprehensions. Young people should make collective efforts to bring those lives on peripheries into light and adorn them with the colours of joy and hope. It is a challenge and a task for the young minds to realize the mission of building a synodal Church in this third millennium

**Culture of Dialogue a path to Synodal Church**

A synodal Church is possible only when a culture of dialogue is cultivated in the Church and in the society. Dialogue is a path of perseverance which includes silences and sufferings and is capable of gathering the experience of persons and peoples. In dialogue one's care for the other is expressed. So we need to ask: Do we care our brothers and sisters? Do we care our old generations? Do we care our new generations? Do we care our deposit of faith? Do we care our nature? If we really care, then we are in dialogue with them. It is true that technological and economic developments most of the time create a divide between generations. So Pope Francis calls for an urgent need for an intergenerational partnership. "Young people need the wisdom and experience of the elderly, while those who are older need the support, affection, creativity and dynamism of the young" (*Message of Pope France for the 55th Word Day of Peace* given on 1 January 2022). A meaningful encounter of young people with their parents and grandparents is necessary for being part of a synodal Church. They should know the art of speaking with heart. Sudden judgements and uncontrolled emotions break genuine dialogues. Remember that dialogue is a language of love flows from the heart.

**Participating in the Synodal Church**

To be part of a synodal Church the young people need certain attitude that enabling genuine listening and dialogue.

www.malankaralibrary.com

**1. Time for Sharing:** In a world of noises and voices, young people have to find enough time to listen their co-pilgrims. In this regard, parents and siblings stand at the first row and then comes friends, co-workers, neighbours, etc. We shall not forget to listen the silent cry of those who are wounded in our human society. We need to find time to listen all these people

**2. Humility to listen and courage to speak:** Young people need to listen others with humility. Many times we pretend to be listening others but it is not humility. Seriously and genuinely we should give our time for others. Simultaneously we need courage to speak out the truth and only truth. The fear of not speaking truth, especially in crowd, is a sign of cowardice. If you know the truth and are not courageous enough to speak it out, then you need to pay for your silence.

**3. Openness to conversion and change:** The Spirit that leads our journey is a Spirit of novelty. Hence we must be ready to change ourselves according to the promptings of the Spirit by avoiding the temptation to be in the clutches of our past. At the same time, we must be able to change our opinions based on what we heard from our co-pilgrims.

**4. Ecclesial mind:** Journeying together is an ecclesial act. Hence being in the Church is a prerequisite for this journey. Church is the platform where the faithful stand. She is our mother. Hence remember that the journeys that reject the Church are not synodal journeys. Moreover, being part of this journeying together each one makes synodal Church a reality of the contemporary world.

**5. No Prejudices and Stereotypes:** To walk together with all, we need to leave all prejudices from our mind and also stereotype methods from our activities. The first step towards fruitful listening is freeing our minds and hearts from those that lead us on the wrong path towards ignorance and division.

**6. Avoid virus of self-sufficiency and go beyond ideologies:** We are on the journey. No one in this journey shall think that one knows everything or has everything. Be ready to listen to others and learn from others. For that we need to kill the virus of self-sufficiency that exists in our mind and heart. There is also another danger that when youth like to live in a world of fantasy idea overrules the concrete life situations. In this journey we need to open our mind and heart to the real life of ordinary people especially of children and elders in our family, ecclesial communities and in the society at large.

**7. Increase hope and dream for future:** We are called to be beacons of hope and not prophets of doom. If the journey progress without losing trust in God, youth can increase hope amidst of different life experiences caused by all types of calamities, both natural and human. This will help them to radiate the rays of hope in and around them. This journeying together leads us to a bright future. So youth should dream a future not only of oneself but of all people.

**Temptations**

Journeying together is not an easy task. There are lots of hurdles on the way. Such stumbling blocks are like temptations that make us to quit our journey. So we should be aware of such temptations.

**1. Temptation to being led by oneself:** Synodal journey is not a corporate venture but spiritual process that is led by the Holy Spirit. This journey shall not be led by our own promptings but by the promptings of the Holy Spirit because we are pilgrims and servants on this path. Hence always submit ourselves before the will of God as clay in the hands of the divine Potter (Is 64:8).

www.malankaralibrary.com

**2. Temptation to focus on oneself:** In this journeying together, we shall not fall into the pitfall of one's own immediate concerns. We need to look around and see poor people living on the peripheries. This synodal journey should help us to enlarge our horizons universally. We should be able to see things from other's point of view. We should dream long-term project and inclusive projects.

**3. Temptation to see only problems:** Fixing our focus on problems will lead us to overwhelmed, discouraged, and cynical. We will miss the light if we focus only on darkness. So look at the "Light of the world" (Jn 8:12) and go beyond problems to find collective solutions.

**4. Temptation to see only structures:** There is always a tendency to evaluate everything on the basis of structures. Most of the criticism alleged recently against the Church is based on its visible structures. We must keep bigger picture in view to fulfil mission of the Church in this world. As it is a spiritual journey, we should look at our Church as a spiritual institution. Believe and hope that the Holy Spirit can intervene at any time.

**5. Temptation to lose the objectives of journeying together:** Being part of a collective endeavour, sometimes, our focus may be diverted from its objectives. So be attentive on all that divert our mind and heart from the objectives of synodal journey. Don't expect always immediate solutions for every problem. Synodality is an attitude and an approach of moving forward in a co-responsible way to welcoming God's fruits together.

**6. Temptation of conflict and division:** This synodal journey is a pilgrimage to realize the prayer of Jesus "That they may all be one" (Jn 17:21). It is a walking in unity. The seeds of division bear no fruits. To impose one's idea on the whole Body causes conflicts and division. Remember that it is the Holy Spirit who leads us deeper into communion with God and one another. So listen to promptings of Holy Spirit at every point of this journey.

**7. Temptation to see walking together as parliament democracy:** Synodal journey is not a political battle. In politics, one side defeats the other for assuming power. In synodal journey it is not the rule of majority but all walk together and live under the reign of God. It is not the principles of parliament but the values of Gospels that guides our activities.

**Conclusion**

Being synodal is a call of the time for the Church in the third millennium. Being syndoal is not something new for the Church. She has been living her nature of communion for the last few decades. Hence for the future, Church has to be synodal in vision and action. For the youth, becoming part of this synodal Church is a gift and task. It is a gift because it is a blessing from heaven. It is a task because it is a mission to be accomplished in communion. So the young people are called to take up this challenge of being synodal in vision and action. They have to be protagonists of creating a culture of dialogue and of building a communion. Thus they participate in the mission of proclaiming the Word of God to all generations. It is a journeying together.